ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : അതു ആപ്ഷണലാണ്. പാർട്ട് ണ്ണിൽ ഉൾപ്പെടുത്തീട്ടില്ലെന്നാണ ഞാൻ പറഞ്ഞതു്.

ശ്രീ. ആർ. ശങ്കർ: ഏതായാലും ബഹുമാനപ്പെട്ട മെമ്പറുടെ ഈ അഭിപ്രായം ഞാൻ യൂണിവേഴ്സിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരാം. യൂണിവേഴ്സിറ്റി ഒരു ആട്ടോണമസ് ബാഡിയാണു്. അവരെക്കൊണ്ടു എന്തെല്ലാം ചെയ്യിക്കാം എന്നു ഏല്ലാൻ നിവൃത്തിയില്ല. പക്ഷെ, ബഹുമാനപ്പെട്ട മെമ്പക്കു ഇങ്ങനെ ഒരു അഭിപ്രായമുണ്ടെന്നു ഞാൻ യൂണിവേഴ്സിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്താം. മന്ത്രിക്കു് പ്രോചാൻസലർ പദവി മാത്രമേയുള്ള. വല്ലപ്പോഴും ചാൻസലർ ഇല്ലാത്തപ്പോൾ ഡിഗ്രി കൊടുക്കാനുള്ള ആളാണു് പ്രോചാൻസലർ. അല്ലാതെ അക്കാഡമിക്ക ആയിട്ടുള്ള കാര്യങ്ങളിൽ പ്രോചാൻസലർ ഇടപെടുകയില്ല. ഈ യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം ഉത്തരവാദിത്വം വഹിക്കുന്നതു എഡ്യൂക്കേഷൻ മിനിസ്റ്റർ ആയതുകൊണ്ടു സഭയിലുണ്ടായ ഒരു അഭിപ്രായം യൂണിവേഴ്സിറ്റിയെ അറിയിക്കാം.

ശ്രീ. ഈ. പി. ഗോപാലൻ : ഞങ്ങടെ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയനുസരിച്ചു യൂണിവേഴ്സിറ്റി ഒരു ആട്ടോണമസ് ബാഡിയാണെന്നുള്ളതു തെറ്റായിട്ടുള്ള നിലയിലാണു മനസ്സിലാക്കിയിരുന്നതു്.

ശ്രീ. ആർ. ശങ്കർ : തെറ്റായ നില കൂടുള്ളതു മി. ഗോപാലനുണ്ടു കാരണം.

ശ്രീ. കെ. ഹസ്സൻ ഗനി : ഫ്രഞ്ചു ഭാഷയും സാധാരണയായി ഇവിടെ സംസാരിക്കാറുണ്ടോ, ഇല്ലെന്നാണു് ഞങ്ങടെ മനസ്സിലാക്കുന്നതു്. എന്നിട്ടു അതു ചേർത്തിട്ടും അറബിഭാഷ അല്ലാട്ടത്തിൽപെടുത്താതിരുന്നതുകൊണ്ടു പറയുന്നതാണു്. അറബിഭാഷ അതിൽപ്പെടുത്താത്തതുകൊണ്ടു ഈ മെക്കനിക്കൽ സ്റ്റഡീസിനു പോകുന്നവക്കു വിഷമം നേരിടുമെന്നുള്ളതാണു് കാര്യം. പ്രീയൂണിവേഴ്സിറ്റി കോഴ്സു കഴിഞ്ഞു എൻജിനീയറിംഗ്, മെഡിക്കൽ, അഗ്രിക്കൾച്ചർ, പെറ്റിനറി സയൻസ് ഈ പ്രൊഫഷണൽ കാളേജുകളിൽ പോകുന്നവക്കു വിഷമം നേരിടും. എൻജിനീയറിംഗ് കാളേജിൽ പോകുന്നതിനു മാത്തമാറ്റിക്സ്, ഫിസിക്സ്,കെമിസ്ട്രിയും, മെഡിക്കൽ കാളേജിൽ പോകുന്നതിനു ബയാളജിയും, ഫിസിക്സും, കെമിസ്ട്രിയും, ആപ്ഷണൽ സബ്ജക്ട്സും, ഏതെങ്കിലും ലാംഗ്വേജും പഠിക്കണം. അപ്പോൾ ലാംഗ്വേജ് അറബി എടുത്തു പഠിച്ചിട്ടുള്ളവക്കു ഇതുമൂലം മെക്കനിക്കൽ സ്റ്റഡീസിനു പോകാൻ സാധിക്കാതെ വരുന്നു. അതുകൊണ്ടു അവക്കു പ്രൊഫഷണൽ കാളേജുകളിൽ പ്രവേശനം ലഭിക്കാൻ സാധിക്കുന്നില്ല.

ശ്രീ. ഈ. പി. ഗോപാലൻ : ലെജിസ്ലേറേഴ്സ് ഹോസ്റ്റലിൽ നടന്നതായ സംഭവങ്ങളെപ്പറ്റി കൂടുതൽ വിവരങ്ങളും അടുത്തദിവസം ഈ സഭയിൽ തരാമെന്നു മുഖ്യമന്ത്രി ഏല്ക്കുകയുണ്ടായി. അക്കാര്യം ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണു്.

Mr. Speaker: Yes. That will be given.

Statement by the Chief Minister regarding the incident at the Legislators Hostel.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : സർ, അതിനെപ്പറ്റി ഇപ്പോഴത്തന്നെ പറയാം. ഞാൻ ഈ കാര്യത്തെപ്പറ്റി ചില അന്വേഷണങ്ങളും നടത്തി. അതിന്റെ ഫലമായി കിട്ടിയ വിവരങ്ങളും ബഹുമാനപ്പെട്ട സഭാംഗങ്ങളുടെ അറിവിനായി ഇവിടെ വയ്ക്കുകയാണു്. ഫെബ്രുവരി 4-ാം തീയതി, എയർ പോർട്ടിൽ വിമാനത്തിൽ വന്നിറങ്ങിയ ശ്രീ. കാമരാജ നാടാരെ സ്വീകരിക്കാനും, അദ്ദേഹത്തെ കാണാനുമായി, ഒരു വലിയ സംഘം ആളുകളും തടിച്ചുകൂടിയിരുന്നു. അങ്ങനെ കൂടിയിരുന്ന ആളുകളുടെ കൂട്ടത്തിൽ ഒരുപക്ഷേ, അൺഡിസയറബിളും എലിമെന്റ്സും വല്ലവരും കടന്നുകൂടി

LIBRARY ARCHIVES Kerala Legislative Assembly

യിരുന്നോ എന്നു തീർത്തു പറയാൻ സാദ്ധ്യമല്ല. അവിടെ വളരെ തിരക്കിൽ ആളുകൾ അദ്ദേഹത്തെ മാലയിട്ടസ്വീകരിക്കുകയും, അദ്ദേഹത്തിനു 'ജേയ്' വിളിക്കുകയും, മറ്റു ചില മുദ്രാവാക്യങ്ങൾ മുഴക്കുകയും ഒക്കെ ഉണ്ടായിട്ടുണ്ട്. അങ്ങനെ അദ്ദേഹം കടന്നുപോയതിനുശേഷം, അവിടെ വന്നിരുന്ന മന്ത്രിമാരും, എം. എൽ. എ. മാരും, മറ്റു പല ആളുകളും കാറുകളിൽ പ്രത്യേകം പോകുകയായിരുന്നു. അങ്ങനെ പോയ കാറുകൾക്കു വളരെ വേഗത്തിൽ പോകാൻ സാധിക്കുമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, വിമാനത്താവളത്തിനുള്ളിലും, അടുത്തുള്ള പ്രദേശങ്ങളിൽ റോഡിന്റെ ഇരുവശത്തും വളരെ ആളുകൾ തിങ്ങിക്കൂടിനിന്നിരുന്നതുകൊണ്ട് കഷ്ടിച്ച് കാറുകൾക്കു കടന്നു പോകാൻ മാത്രമേ സ്ഥലം ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് എല്ലാ കാറുകളും വളരെ പതുക്കെയാണു പോയതു്. അങ്ങനെ പോയ കൂട്ടത്തിൽ, ആദ്യം കുറെ കാറുകൾ കടന്നുപോയതിനുശേഷം, പിന്നീടു വന്ന കാറുകളിൽ ചിലതിൽ, 'മി. സ്റ്റീഫനുണ്ടോ', 'മി. ഗോപാലനുണ്ടോ' എന്നുള്ള അന്വേഷണങ്ങൾ ഉണ്ടായതായി കാണുന്നു. ചിലർ കൈയ് നീട്ടി കാറുകൾ നിറുത്താൻ ശ്രമിച്ചതായും കാണുന്നു. പക്ഷേ, ഒരു കാറും ആരും നിറുത്തിയില്ല. പതുക്കെ എല്ലാ കാറുകളും പോകുകയായിരുന്നു. ഇതാണ് വിമാനത്താവളത്തിൽ നടന്നതിനെപ്പറ്റിയുള്ള അറിവു്. അതുസംബന്ധിച്ചു് ഒരാളും ആരുടെയെങ്കിലും പേരിൽ, എന്തെങ്കിലും പരാതി പോലീസിനു കൊടുത്തിട്ടില്ല. ഓറലായിട്ടുപോലും പരാതിയൊന്നും പോലീസിനു കിട്ടിയിട്ടില്ല. അതുകൊണ്ടു പ്രത്യേക നടപടിയെടുക്കേണ്ട കാര്യവും ഉണ്ടായിട്ടില്ല.

പിന്നീടു് അന്നു് ഉച്ചയ്ക്കു് 12 മണിക്കുശേഷം, എം. എൽ. എ. ഹോസ്റ്റലിൽ കുറെ ആളുകൾ കടന്നുചെന്നു എന്നു പറയപ്പെടുന്നു. എം. എൽ. എ. ഹോസ്റ്റലിൽ സാധാരണയായി, എം. എൽ. എ. മാരെ കാണാനും നിവേദനങ്ങൾ കൊടുപ്പിക്കാനുംമറ്റും കുറേ ആളുകൾ കാണാറുണ്ടു്. അന്നു് കുറേ കൂടുതലായി ആളുകൾ ഉച്ചയ്ക്കു് ഉണ്ടായിരുന്നു എന്നു കാണുന്നു. അവരിൽ കുറേപ്പേർ, ശ്രീ. ഗോപാലന്റെ മുറിക്കു് അടുത്തുചെന്നു്, ഗോപാലനെ കാണാൻ ആവശ്യപ്പെട്ടു. മി. ഗോപാലൻ അദ്ദേഹത്തിന്റെ മുറി തുറന്നിട്ടിരുന്നതുകാരണം, ആളുകൾ അദ്ദേഹത്തിന്റെ മുറിക്കുള്ളിലും പ്രവേശിച്ചതായി കാണുന്നു. മുറിക്കുള്ളിൽ പ്രവേശിച്ചവർ തീരെ മര്യാദയില്ലാത്ത ഭാഷ ഉപയോഗിച്ചു എന്നും പറയുന്നു. അങ്ങനെയൊക്കെ പറഞ്ഞപ്പോൾ, മി. ഗോപാലൻ അത്തരം ഭീഷണിയൊന്നും തന്നോടു വേണ്ടാ എന്ന മട്ടിൽ സംസാരിച്ചതായും കാണുന്നു. അതിനപ്പുറത്തു് കൈയേറ്റമോ ഒന്നും ഉണ്ടായിട്ടില്ല. ഇങ്ങനെയൊരു ബഹളം ഉണ്ടായപ്പോൾ ചില എം. എൽ. എ. മാർ അവിടെ ചെന്നു് ആളുകളെ തിരിയെ പോകാൻ പറഞ്ഞു; ആളുകൾ പുറകോട്ടുപോയി. ഈ സമയത്തിനുള്ളിൽ പോലീസു് വന്നെത്തിയില്ല. എന്തുകൊണ്ടെന്നാൽ അങ്ങനെ സംഭവിച്ച വിവരങ്ങൾ പോലീസിനു അറിവു കിട്ടിക്കഴിഞ്ഞപ്പോഴേയ്ക്കും മി. ഗോപാലന്റെ മുറിക്കുള്ളിലും അടുത്തും കൂടിയ ആളുകൾ പോയിക്കഴിഞ്ഞിരുന്നു. അവരെ നേരിട്ടു കണ്ടില്ല. മി. ഗോപാലനേയും, ഗോപാലന്റെ അടുത്തുണ്ടായിരുന്ന എം. എൽ. എ. മാരേയും കണ്ടു വിവരം ചോദിച്ചതിൽ, 'ചിലതൊക്കെ ഉണ്ടായി, അതു കാര്യമാക്കത്തക്ക സംഗതിയൊന്നും ഉണ്ടായില്ല' എന്നൊരു നിലപാടു് അവർ സ്വീകരിച്ചതായി കണ്ടതിനാൽ പ്രത്യേകം നടപടി ഒന്നും എടുത്തില്ല. അവർ അങ്ങനെ ഉണ്ടായ കാര്യം മാത്രം അവരുടെ ഡയറിയിൽ നോട്ടുചെയ്തു. സംഗതി അങ്ങനെ അവസാനിച്ചിരിക്കുകയാണു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തിരപ്രമേയം അവതരിപ്പിച്ചതിനെത്തുടർന്നു് അവിടെ ഒരു പ്രസ്താവന ചെയ്യാമെന്നു പറഞ്ഞിരുന്നതനുസരിച്ചാണു് ഇപ്പോൾ ഒരു പ്രസ്താവന ചെയ്തിരിക്കുന്നതു്. അദ്ദേഹത്തിനു് കിട്ടിയ വിവരങ്ങൾ, പല കാര്യങ്ങളിലും വാസ്തവവുമായി വിദൂരബന്ധംപോലും ഇല്ലാത്തവയാണു്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമായി എയറോഡ്രാമിലെ കാര്യമാണു് പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : Order, order. There is no need per a discussion.

ശ്രീ. മാലേത്തു ഗോപിനാഥ പിള്ള: സർ, പോയിന്റ് ഓഫ് ആർഡർ. വാസ്തവവുമായി യാതൊരു ബന്ധവുമില്ലാത്ത രീതിയിൽ മുഖ്യമന്ത്രി പറഞ്ഞു എന്ന സ്റ്റേറ്റുമെന്റ് ശരിയാണോ ? വിവരങ്ങൾ ശേഖരിച്ചു ഈ സഭയിൽ ഒരു പ്രസ്താവന ചെയ്യാമെന്നു് നേരത്തേ പറഞ്ഞതനുസരിച്ചു് വിവരം ശേഖരിച്ചതിനുശേഷമാണു് മുഖ്യമന്ത്രി ഒരു പ്രസ്താവന ചെയ്തതു്. I do not think the statement is not correct. I want a ruling on that.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : സർ, ഈ പായിന്റ് ആഫ് ആർഡറിനു് ഒരു വിധിയുണ്ടാകുന്നതിനു മുൻപു് ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണു്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു കിട്ടിയിട്ടുള്ള വിവരങ്ങൾ പലതും വാസ്തവവുമായി വിദൂരബന്ധംപോലും ഇല്ലാത്തതാണു്. അതു് തെളിയിക്കാൻ ഞാൻ തയ്യാറാണു്; ഇപ്പോഴും ആ അഭിപ്രായത്തിൽത്തന്നെ ഉറച്ചു നില്ക്കുകയാണു്. എയർ പോർട്ടിലെ കാര്യമാണു് മുഖ്യമന്ത്രി പ്രധാനമായി ഇവിടെ പറഞ്ഞതു്. പ്രശ്നം അതല്ല. എം. എൽ. എ. കാർട്ടേഴ്സിൽ, കാറുകളിലും, ജീപ്പുകളിലും, ബസ്സുകളിലും വന്നിറങ്ങിയ പടം.....

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള : സർ. ഇവിടെ അടിയന്തിരപ്രമേയം അവതരിപ്പിച്ചതിനു് അനുമതി നിഷേധിച്ചതിനുശേഷം, മുഖ്യമന്ത്രി വസ്തുതകൾ ശേഖരിച്ചു് ഈ സഭയെ അറിയിച്ചിരിക്കുകയാണു്. ശ്രീ. ടി. സി. നാരായണൻ നമ്പ്യാരുടെ ഈ ചർച്ച ആർഡറിലാണോ എന്നുള്ളതിനു് ഒരു റൂളിംഗ് വേണം.

Mr. Speaker : Order, order. According to the Rule this is the position. 'A Statement may be made by a Minister on a matter of public importance with the consent of the Speaker, but no questions shall be asked at the time the Statement is made. 'There is no scope or a further discussion.'

ശ്രീ. സി. അച്യുതമേനോൻ : സർ, ഞങ്ങൾക്കു് ഇതിനെപ്പറ്റി ഒരു മോഷൻ അവതരിപ്പിക്കാനുണ്ടു്. We will give notice of a motion for raising a discussion on this matter, in the House. ബഹുമാനപ്പെട്ട സ്പീക്കർ മുമ്പാകെ ഈ കാര്യം ചർച്ച ചെയ്യാൻ ഒരു പ്രത്യേക സമയം അനുവദിക്കണം. വളരെ ഗൗരവമേറിയ ഒരു സംഗതിയാണിതു്. മുഖ്യമന്ത്രി ഇവിടെ പറഞ്ഞ കാര്യങ്ങൾ മാത്രമല്ല, സ്വന്തം അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പലർക്കും ഈ സഭയിൽ ഇതിനെപ്പറ്റി പലതും പറയാനുണ്ടു്. ഇതിനെപ്പറ്റി ചർച്ച നടത്താൻ അനുവാദം തരണമെന്നാവശ്യപ്പെടുകയാണു്.

Mr. Speaker : The hon. Member may give notice for such a motion. I shall consider it.

Shri C. Achutha Menon : I shall give a written notice.

ശ്രീ. കെ. ചാർഗ്ഗവൻ : മുഖ്യമന്ത്രി ഒരു പ്രസ്താവന ചെയ്യുകഴിഞ്ഞാൽ അതിന്റെ വെളിച്ചത്തിൽ, ഒരു ചർച്ച ആവശ്യമാണെങ്കിൽ ആകാം എന്നു നേരത്തേ പറഞ്ഞിട്ടുണ്ടു്.

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ പ്രസ്താവനയ്ക്കുശേഷം വേണമെങ്കിൽ ഈ കാര്യം പരിഗണിക്കാം എന്നു പറഞ്ഞിരുന്നു. അന്നത്തെ മോഷൻ ഡിസ്പോസു ചെയ്തു. അതിനുശേഷം മുഖ്യമന്ത്രിയുടെ പ്രസ്താവന കഴിഞ്ഞു് ആവശ്യമുണ്ടെങ്കിൽ ഈ കാര്യം ആലോചിക്കാം എന്നു പറഞ്ഞു. ഇനി ഈ കാര്യം റെയിസ് ചെയ്താൽ പരിഗണിക്കാം.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശേഖരിച്ച വിവരങ്ങളും, അവിടെ നടന്ന സംഭവങ്ങളും വ്യത്യസ്തമായി കാണുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : Order, order. You are repeating what has already been stated here by other Members.

Shri P. M. Kunhiraman Nambiar : Sir, I may be permitted to explain the position.

Mr. Speaker : We shall discuss it, when the motion comes up for discussion.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : സർ, എം. എൽ. എ. ക്വാർട്ടേഴ്സിലെ എം. എൽ. എ. മാരുടെ രക്ഷാകർതൃത്വം അങ്ങയിലാണ നിക്ഷിപ്തമായിരിക്കുന്നത്. എയർ പോർട്ടിൽ വച്ചും, എം. എൽ. എ. ക്വാർട്ടേഴ്സിൽ വച്ചും നടന്ന ചില സംഭവങ്ങളെപ്പറ്റി കിട്ടിയ വിവരങ്ങൾ ഇവിടെ മുഖ്യമന്ത്രി പറഞ്ഞു. ഇതിനെപ്പറ്റി വസ്തുനിഷ്ഠമായി അന്വേഷിക്കാൻ അങ്ങ് ഔദ്യോഗികമായി തയ്യാറാകുമോ; ഔദ്യോഗികമായി ഇതിന്മേൽ നടപടി എടുക്കുമോ? മേലാൽ ഇതു് ആവർത്തിക്കാതിരിക്കണം.

Mr. Speaker: It is true that the M. L. A. quarters is under the jurisdiction of the Speaker. At that time when the incident took place, immediate steps were taken and I am satisfied that necessary arrangements were made to see that the safety of the Members was ensured.

The hon. Chief Minister in his statement made it clear that no action has been taken against anybody, because there was no necessity for that.

Shri T. C. Narayanan Nambiar: Sir, the first thing to be considered is that when the police was informed of this matter, they came there very late; Secondly the police have not even showed the courtsy to inquire into the matter.

Mr. Speaker: Order, order. The Chief Minister has already made a statement on this matter and there is no rule allowing a further discussion on the matter.

Shri T. C. Narayanan Nambiar : When a statement is given by the hon. Chief Minister on the floor of the House, the Members of the House have got every right to discuss that. I, therefore, request that a discussion may be allowed.

Mr. Speaker: Order, order. Shri Achutha Menon has stated that he will be bringing a motion for discussion on the matter. Let the notice come.

CONSIDERATION OF AMENDMENTS TO RULES

(1) The Muncipal Employees Conduct Rules, 1963

(*Notification G.O. M. S.* 636/63/*D. D. dated* 1*st August* 1963)

Mr. Speaker : Order, order. We shall resume Consideration of amendments to the Municipal Employees Conduct Rules, 1963. *Rule* 2 (*Contd.*)

ശ്രീ. കെ. ഭാർഗ്ഗവൻ: സർ, ശ്രീ. പി. ബാലചന്ദ്രമേനോൻ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി സ്വീകരിക്കണമെന്നാണ് ഞാൻ സംസാരിച്ചുകൊണ്ടു നിന്നതു്. റൂം 23 കൂടി മനസ്സിൽ വച്ചുകൊണ്ടു് ഈ ഡഫനിഷൻ വായിച്ചാൽ ഇതിന്റെ ആവശ്യമില്ലായ്മ കൂടുതൽ വ്യക്തമാകും. അതുകൊണ്ടു് ഈ ഡഫ

LIBRARY ARCHIVES Kerala Legislative Assembly